**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2934** **28-02-2023 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ ജലജീവൻ പദ്ധതിക്കായി നീക്കി വെച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ എത്ര വീടുകളിൽ കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; | (എ) | മണലൂർ മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കിയതിനു ശേഷമുള്ള കാലയളവിൽ 8695 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | എത്ര വീടുകൾക്ക് കുടിവെള്ള കണക്ഷനുവേണ്ടിയുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്; പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് നൽകാമോ; | (ബി) | ജലജീവൻ മിഷൻ പദ്ധതി ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും പ്രവർത്തനക്ഷമമായ കുടിവെള്ള കണക്ഷനുകൾ വഴി കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതാണ്. ഇതിനായി ഓരോ ഗ്രാമ പഞ്ചായത്തിലെയും അവശേഷിക്കുന്ന എല്ലാ വീടുകളിലും കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പദ്ധതികൾക്കാണ് അനുമതി നൽകി നടപ്പിലാക്കി വരുന്നത്. ആയതിനാൽ കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി പ്രത്യേകം അപേക്ഷ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയില്ല. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ മുഴുവൻ വീടുകളിലും കുടിവെള്ളം എത്തിക്കുന്നതിനായി ജലജീവൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) | മണലൂർ മണ്ഡലത്തിലെ മുഴുവൻ വീടുകളിലും കുടിവെള്ളം എത്തിക്കുന്നതിനായി ജലജീവൻ മിഷനിൽ പെടുത്തി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.<br><br>മണ്ഡലത്തിലെ അരിമ്പൂർ, മണലൂർ, ചൂണ്ടൽ, കണ്ടാണശ്ശേരി, വെങ്കിടങ്ങ്, വാടാനപ്പള്ളി എന്നീ പഞ്ചായത്തുകളിൽ ജൽജീവൻ മിഷൻ പദ്ധതി പ്രകാരം വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവർത്തിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. മുല്ലശ്ശേരി, പാവറട്ടി പഞ്ചായത്തുകളിൽ ആർ.കെ.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണശൃംഖല സ്ഥാപിച്ച വരുന്നു. അരിമ്പൂർ, മണലൂർ, ചൂണ്ടൽ, കണ്ടാണശ്ശേരി, വെങ്കിടങ്ങ്, വാടാനപ്പള്ളി എന്നീ |

| | | | |
|---|---|---|---|
| | | | പഞ്ചായത്തുകൾക്കു വേണ്ടിയുള്ള പ്രൊഡക്ഷൻ കംപോണൻറ് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയാണ് നിർമ്മിക്കുന്നത്. എളവള്ളി പഞ്ചായത്തിലെ പ്രവർത്തികൾ ജലനിധി നടപ്പിലാക്കി വരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിയ്ക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; ആയതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ഡി) | മണലൂർ മണ്ഡലത്തിലെ മുഴുവൻ വീടുകളിലും കുടിവെള്ളം എത്തിക്കുന്നതിനായി ജലജീവൻ മിഷനിൽ പെടുത്തി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.<br><br>മണ്ഡലത്തിലെ അരിമ്പൂർ, മണലൂർ, ചൂണ്ടൽ, കണ്ടാണശ്ശേരി, വെങ്കിടങ്ങ്, വാടാനപ്പള്ളി എന്നീ പഞ്ചായത്തുകളിൽ ജൽജീവൻ മിഷൻ പദ്ധതി പ്രകാരം വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവർത്തിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. മുല്ലശ്ശേരി, പാവറട്ടി പഞ്ചായത്തുകളിൽ ആർ.കെ.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണശൃംഖല സ്ഥാപിച്ചു വരുന്നു. അരിമ്പൂർ, മണലൂർ, ചൂണ്ടൽ, കണ്ടാണശ്ശേരി, വെങ്കിടങ്ങ്, വാടാനപ്പള്ളി എന്നീ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള പ്രൊഡക്ഷൻ കംപോണൻറ് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയാണ് നിർമ്മിക്കുന്നത്. എളവള്ളി പഞ്ചായത്തിലെ പ്രവർത്തികൾ ജലനിധി നടപ്പിലാക്കി വരുന്നു. |
| (ഇ) | പ്രസ്തുത പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ? | (ഇ) | കണ്ടാണശ്ശേരി പഞ്ചായത്തിൽ ടാങ്കിന്റെ സ്ഥലം ലഭ്യമാകാത്തതിനാൽ വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി ടെണ്ടർ ചെയ്യുവാൻ സാധിച്ചിട്ടില്ല. മറ്റ് പഞ്ചായത്തുകളിൽ പദ്ധതി പുരോഗമിച്ചു കൊണ്ടിരിക്കുന്നു പ്രസ്തുത പദ്ധതി 2024 മാർച്ചോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

## മണലൂർ മണ്ഡലത്തിൽ കുടിവെള്ള കണക്ഷനുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം

| പഞ്ചായത്ത് | ആകെ ഗ്രാമീണ വീടുകൾ | ജലജീവൻ മിഷനു മുൻപ് ഉണ്ടായിരുന്ന കണക്ഷൻ | ജലജീവൻ മിഷൻ തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | നിലവിലുള്ള മൊത്തം കണക്ഷൻ |
|---|---|---|---|---|
| അരിമ്പൂർ | 8442 | 2709 | 1014 | 3723 |
| ചൂണ്ടൽ | 8072 | 1469 | 40 | 1509 |
| കണ്ടാണശ്ശേരി | 5934 | 0 | 436 | 436 |
| മണലൂർ | 8615 | 3599 | 1559 | 5158 |
| വാടാനപ്പള്ളി | 7444 | 2174 | 1595 | 3769 |
| വെങ്കിടങ്ങ് | 6736 | 452 | 1696 | 2148 |
| മുല്ലശ്ശേരി | 5621 | 0 | 1318 | 1318 |
| പാവറട്ടി | 4960 | 0 | 497 | 497 |
| എളവള്ളി | 6757 | 3015 | 540 | 3555 |
| **ആകെ** | **62581** | **13418** | **8695** | **22113** |

**അനുബന്ധം 2**

## മണലൂർ മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതിയുടെ ഭരണാനുമതി സംബന്ധിച്ച പഞ്ചായത്ത് തിരിച്ചുള്ള വിവരം

| പഞ്ചായത്ത് | ഭരണാനുമതി നൽകിയ കണക്ഷൻ | ഭരണാനുമതി തുക (ലക്ഷം) |
|---|---|---|
| അരിമ്പൂർ | 5733 | 6199.00 |
| ചൂണ്ടൽ | 6603 | 7098.63 |
| കണ്ടാണശ്ശേരി | 5934 | 4844.98 |
| മണലൂർ | 5016 | 5212.00 |
| മുല്ലശ്ശേരി | 6801 | 579.00 |
| പാവറട്ടി | 6775 | 576.00 |
| വാടാനപ്പള്ളി | 5270 | 2593.00 |
| വെങ്കിടങ്ങ് | 6284 | 4279.00 |
| എളവള്ളി | 3742 | 4620.10 |
| **ആകെ** | **52158** | **36001.71** |